ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള 5 വ്യവസായശാലകളും (അനുബന്ധം)† വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരളാ സോപ്പ്സ് ആന്റ് ഓയിൽസ് (കോഴിക്കോട്) കെ.എസ്.ഡി.പി.യുടെ വിറ്റാമിൻ 'എ' ഡിവിഷൻ സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് എന്നിവയും തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു. വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്ന ഏകദേശം 80-നോടടുപ്പിച്ച് വ്യവസായശാലകൾ തുറക്കുവാൻ കഴിഞ്ഞു. ഇവ ഏതൊക്കെയാണെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള 30 വ്യവസായശാലകളാണ് പൂട്ടിയിട്ടിട്ടുള്ളത്. (വിശദാംശങ്ങൾ അനുബന്ധത്തിൽ)† വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള 83 വ്യവസായങ്ങളാണ് പൂട്ടിയിട്ടുള്ളത്. (വിശദാംശം അനുബന്ധത്തിൽ)†സാമ്പത്തിക ബുദ്ധിമുട്ടുകൾ, ശരിയായ മാനേജ്മെന്റിന്റെ അഭാവം, തൊഴിൽ പ്രശ്നങ്ങൾ എന്നിവയാണ് ഇവ പൂട്ടുന്നതിനുള്ള കാരണങ്ങൾ.

(സി) ടെക്നോപാർക്കിൽ, സ്വകാര്യമേഖലയിൽ 44 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെയുള്ള 194 പദ്ധതികൾ ഉല്പാദനം ആരംഭിക്കുകയും 91 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ ധാരണാ പത്രം ഒപ്പ് വച്ച് നിക്ഷേപത്തിന് തയ്യാറാകുന്ന 12 പദ്ധതികളുമുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.† വ്യവസായ വാണിജ്യ വകുപ്പിന്റെ പരിധിയിൽ 92,152 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ ഏതൊക്കെയെന്ന വിവരം പിന്നീട് ശേഖരിച്ചു നൽകുന്നതാണ്. കിൻഫ്രാ പാർക്കുകളിൽ സംയുക്ത മേഖലയിൽ ഒന്നും (റബ്കോ മുവാട്ട് പ്രൈവറ്റ് ലിമിറ്റഡ്) സ്വകാര്യമേഖലയിൽ രണ്ടും (കേരള കെമിക്കൽസ് ആന്റ് പ്രോട്ടീൻസ്, കാക്കാനാട് (2) കേര ഫൈബർ ടെക്സ് പ്രൈവറ്റ് ലിമിറ്റഡ്)

(ഡി) വ്യാവസായിക പുരോഗതിക്കായി സ്വീകരിച്ച നടപടികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

പൂട്ടിയിട്ട വ്യവസായശാലകൾ

76 (574) ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഞ്ചുവർഷങ്ങൾക്കിടയിൽ എത്ര വ്യവസായശാലകൾ പൂട്ടിയിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) എത്രപേർക്ക് അതുമൂലം തൊഴിൽ നഷ്ടപ്പെട്ടു എന്നറിയിക്കുമോ ;

(സി) അഞ്ചു വർഷങ്ങൾക്കിടയിൽ പൂട്ടിയിട്ട എത്ര വ്യവസായശാലകൾ തുറന്നു പ്രവർത്തിച്ചു ഏതൊക്കെ ;

---

†അനുബന്ധം -IX,IX a,IX b,IX c, IX d

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതുമൂലം എത്ര പേർക്ക് തൊഴിൽ തിരിച്ചുകിട്ടിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിൽ താഴെപ്പറയുന്ന രണ്ടു കമ്പനികൾ പൂട്ടിയിട്ടുണ്ട്.

(1) മെഗാലക്സ് ഇലക്ട്രോണിക്സ് കൺട്രോൾസ്.

(2) എസ്.ഡി.എസ്.ഇൻഫോടെക് കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള 30 വ്യവസായശാലകളാണ് പൂട്ടിയിട്ടുള്ളത്. (വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്*) വ്യവസായ വാണിജ്യ വകുപ്പിന്റെ പരിധിയിൽ വരുന്ന വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ടെക്നോപാർക്കിൽ 85 പേർക്കും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവയിൽ 3214 പേർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റു വ്യവസായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള പൂട്ടിയിട്ട അഞ്ചു (5) വ്യവസായശാലകൾ തുറന്നുപ്രവർത്തിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ പരിധിയിൽ വരുന്നവയെ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കെ.എസ്.ഐ.ഡി.സി. മുഖേന 642 പേർക്ക് തൊഴിൽ തിരിച്ചുകിട്ടിയിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു നൽകുന്നതാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ കടം

77(576) ശ്രീ.കെ. സി. വേണുഗോപാൽ :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) അന്ന് എന്തുതുകയ്ക്കുള്ള കശുവണ്ടിയും കശുവണ്ടിപ്പരിപ്പും സ്റ്റോക്കുണ്ടായിരുന്നു.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എത്ര ഘട്ടങ്ങളിലായി എത്ര ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു ;

(ഡി) എവിടെനിന്നെല്ലാമാണ് ഇറക്കുമതി ചെയ്തത് :

(ഇ) അതിന്റെ വില കിലോഗ്രാമിന് എത്ര വീതമായിരുന്നു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly